(സി) ഇനി സംസ്ഥാന ഗവൺമെൻറ് ഇതിനുവേണ്ടി എന്തെല്ലാമാണ് ചെയ്യേണ്ടത്; ഇതിന് ഇനിയും എത്രരൂപ കൂടി ചെലവഴിക്കേണ്ടിവരും;

(ഡി) ഇത് എന്നത്തേയ്ക്ക് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി, സി) നാവിക അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനം നാവിക അധികൃതരാണ് നടത്തേണ്ടത്. അതിനായി സംസ്ഥാന ഗവൺമെൻറ് യാതൊന്നും ചെലവാക്കേണ്ടതായിട്ടില്ല. നാവിക അക്കാഡമി സ്ഥാപിക്കുന്നതിനാവശ്യമായ മുഴുവൻ സ്ഥലവും പൊന്നും വിലയ്ക്കെടുത്ത് നാവിക അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. ആവശ്യമായ ''ഇൻഫ്രാസ്ട്രക്ചറൽ'' സൗകര്യങ്ങളും ചെയ്തു കൊടുത്തിട്ടുണ്ട്. ഇനിയുള്ള പ്രവർത്തനങ്ങൾ നാവിക അധികൃതർ വേണം ചെയ്യേണ്ടത്.

(ഡി) വലിയ കാലതാമസം കൂടാതെ തുടങ്ങുമെന്നാണ് അറിയുന്നത്.

പോലീസ് വകുപ്പിന്റെ നവീകരണം

* 21 [21] ശ്രീ. കെ.റ്റി. കണാരൻ:
ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. പി. കുമാരൻ:
,, എം.കെ. കേശവൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പ് നവീകരിക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്തെ പോലീസ് സേനയ്ക്കു കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി തെളിയിക്കുന്നതിനും നിയമസമാധാനം പാലിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നകാര്യം ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ;

(ഡി) എങ്കിൽ ഏതുരീതിയിലാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി പത്തു കൊല്ലത്തേയ്ക്കുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്കീം തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്ത പ്രസ്തുത സ്കീമിന്റെ താഴെ കാണുന്ന ഉള്ളടക്കങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(1)	പോലീസ് വകുപ്പിന്റെ വാഹന സൗകര്യം വർദ്ധിപ്പിക്കുന്നതിനും വർക്ക്ഷാപ്പ് ആരംഭിക്കുന്നതിനും.	110 ലക്ഷം
(2)	കമ്മ്യൂണിക്കേഷന്റെ സംവിധാനം മെച്ചപ്പെടുത്തുന്നതിന്	220 ലക്ഷം
(3)	ഫോറൻസിക് ലബോറട്ടറിയുടേയും ഫിംഗർ പ്രിന്റ് ബ്യൂറോയുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന്	290 ലക്ഷം
(4)	പരിശീലന സൗകര്യം വർദ്ധിപ്പിക്കുന്നതിന്	200 ലക്ഷം
(5)	സ്പെഷ്യൽ ബ്രാഞ്ച് ഹെഡ്കാർട്ടേഴ്സിലെ റിക്കാർഡ്സ് കംപ്യൂട്ടറൈസ് ചെയ്യുന്നതിനും. വി.ഐ.പി. സെക്യൂരിറ്റിക്ക് നിരീക്ഷണാർത്ഥം ക്ലോസ് സർക്യൂട്ട് ടി.വി. വാങ്ങുന്നതിനും.	21 ലക്ഷം

(സി) ഉണ്ട്.

(ഡി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വാഹനങ്ങളും ടെലിഫോൺ വയർലസ് സംവിധാനങ്ങളും ഏർപ്പെടുത്തുവാൻ നടപടി എടുത്തുവരുന്നു. ഫോറൻസിക് സയൻസ് ലാബറട്ടറി, ഫിംഗർപ്രിന്റ് ബ്യൂറോ, ഡോഗ് സ്കോഡ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, സംസ്ഥാനത്തും ജില്ലാ ആസ്ഥാനങ്ങളിലും ക്രൈം റിക്കാർഡ് ബ്യൂറോ സ്ഥാപിക്കുവാനും, വൈറ്റ് പട്രോൾ സമ്പ്രദായം ഹൈവേ പട്രോൾ സമ്പ്രദായം എന്നിവ നടപ്പിലാക്കുവാനും ഉദ്ദേശമുണ്ട്.

മത്സ്യബന്ധന ഉപകരണങ്ങളുടെ കരം

* 22 [22] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്ക് വർദ്ധിപ്പിച്ച കരം കുറവ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുറവുചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly